# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 2026

ഗവ. എൽ. പി. എസ്
വലിയകുളം.

Scanned with OKEN Scanner

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനത്തിൽ ഗവ. എൽ. പി. എസ്. വലിയകുളം ഏർപ്പെട്ടു. 2025-2026 അധ്യയന വർഷത്തിൽ വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം.

Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവ എൽ പി എസ്. വലിയകുളം |
| മേൽ വിലാസം | : | വലിയകുളം<br>ചെറുകുളഞ്ഞി. പി ഒ.<br>റാന്നി<br>പത്തനംതിട്ട ജില്ല<br>Pin- 689673 |
| ഫോൺ | : | 6282632743 |
| സ്കൂൾ കോഡ് | : | 38614 |
| വിദ്യാഭ്യാസ ഉപജില്ല | : | പത്തനംതിട്ട |
| വിദ്യാഭ്യാസ ജില്ല | : | പത്തനംതിട്ട |
| ബി. ആർ. സി | : | പത്തനംതിട്ട |
| സി. ആർ. സി | : | വടശ്ശേരിക്കര |
| ഗ്രാമ പഞ്ചായത്ത് | : | വടശ്ശേരിക്കര |
| ബ്ലോക്ക് പഞ്ചായത്ത് | : | റാന്നി |
| നിയമസഭാ മണ്ഡലം | : | റാന്നി |
| ലോകസഭാ മണ്ഡലം | : | പത്തനംതിട്ട |
| താലൂക്ക് | : | റാന്നി |
| വില്ലേജ് | : | വടശ്ശേരിക്കര |
| ഇ-മെയിൽ വിലാസം | : | Valiyakulamglps 38614@gmail.com. |



Scanned with OKEN Scanner

# ഗവ. എൽ. പി. എസ്, വലിയകുളം

റാന്നിയിൽ നിന്നും 5 km കിഴക്ക് മൂന്നു വശവും വനത്താൽ ചുറ്റപ്പെട്ടതും പ്രാഥമിക ഗതാഗത സൗകര്യം ഇല്ലാതെയുമിരുന്ന വലിയകുളത്ത് ഏതാണ്ട് 100 കുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി 85-ാം നമ്പർ എസ്.എൻ.ഡി.പി. ശാഖായോഗത്തിന്റെ ആഭിമുഖ്യത്തിൽ അമ്പലത്തിങ്കൽ കൊച്ചുകടുത്ത, പുലിപ്പാറ അയ്യപ്പൻ, വെളുത്താല കുട്ടികൃഷ്ണൻ, ഈട്ടിക്കൽ കൃഷ്ണൻ, പുതുപ്പറമ്പിൽ നാരായണൻ, ചരിവുകാലായിൽ വെളുമ്പൻ എന്നിവരുടെ പരിശ്രമ ഫലമായി ആരംഭിച്ച ഒരു കുടിപ്പള്ളിക്കൂടമാണ് ഇപ്പോഴത്തെ വലിയകുളം എൽ. പി. സ്കൂളായി നിലനിൽക്കുന്നത്.

ഒന്നും രണ്ടും ക്ലാസ്സുകൾ തുടങ്ങിയിട്ട് ആലപ്പൂർ S. പത്മനാഭ പണിക്കരുടെ മാനേജ്മെന്റിലേക്ക് വിട്ടുകൊടുത്തതും തുടർന്ന് മൂന്നാം ക്ലാസ്സ് വരെയുള്ള ഒരു എയ്ഡഡ് പ്രൈമറി സ്കൂളായി അംഗീകാരം കിട്ടിയതും ഇതേ സ്കൂളിന്റെ പൂർവ്വാശ്രമ ചരിത്രം തന്നെ. ഒന്നും രണ്ടും മൂന്നും ക്ലാസ്സുകൾക്കായുള്ള കെട്ടിടം വലിയകുളം എസ്.എൻ.ഡി.പി.

ശാഖായോഗത്തിന്റെ ചുമതലയിലും നാലാം ക്ലാസ്സിനു വേണ്ടി 20 അടി കെട്ടിടം അദ്ധ്യാപകനായിരുന്ന ശ്രീ. റ്റി.കെ. നാണു കെടച്ചേരിയിൽ പണി കഴിപ്പിച്ചു കൊടുക്കുകയും ചെയ്തു. മുതലൂർ എസ്. പത്മനാഭ പണിക്കരുടെ കാലശേഷം അദ്ദേഹത്തിന്റെ മകൻ ശ്രീ. പി. എൻ. വാസുക്കുട്ടിയിൽ നിന്ന് ഈട്ടിക്കൽ ശ്രീ. നീലകണ്ഠനും സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. എം. എ. കേശവനും ചേർന്ന് മാനേജ്മെന്റ് എഴുതി വാങ്ങുകയുണ്ടായി. കൊല്ലവർഷം 112-ാം ആണ്ടിൽ നാമമാത്രമായ പ്രതിഫലം വാങ്ങിക്കൊണ്ട് സർക്കാരിലേക്ക് വിട്ടു കൊടുക്കുകയും ചെയ്തു. ഇതിനു ശേഷം ഒരു പൂർണ്ണ പ്രൈമറി സ്കൂൾ ആയി. ഇന്ന് വടശ്ശേരിക്കര വില്ലേജിൽ വടശ്ശേരിക്കര ഗ്രാമ പഞ്ചായത്തിലെ 3-ാം വാർഡിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. റാന്നി ടൗൺ ആണ് തൊട്ടടുത്തുള്ള പ്രധാന സ്ഥലം.



Scanned with OKEN Scanner

# പൊതു ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കുവാനും വായിക്കുവാനും, എഴുതുവാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.

കലാ കായിക നിർമ്മാണ പ്രവർത്തനങ്ങളിലെ മികവ് കണ്ടെത്തി പരിശീലനം നൽകുക.

ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഫലപ്രദമായി ക്ലാസ്സ്റൂമിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുക. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുക.

പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലനം നൽകുക.

ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങളെ രൂപീകരിക്കുക.



Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

## ഭാഷാ വികാസനം

- എല്ലാ കുട്ടികളെയും ഭാഷ തെറ്റ് കൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പു വരുത്തുക.
- വിവിധ വ്യവഹാര രൂപങ്ങൾ ആവിഷ്കരിക്കുന്നു. ആസ്വദിക്കുന്നു.
- കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
- ഭാഷാ ശേഷി വികാസത്തിനായി വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നു.
- മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വികസിപ്പിക്കുക.



Scanned with OKEN Scanner

- ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

## പരിസരപഠനം

- ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക, ശാസ്ത്രാവബോധം വളർത്തുക, ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക.
- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാവുക.
- കാർഷിക സംസ്കാരത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക.
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുക.
- സാങ്കേതിക വിദ്യകൾ ശാസ്ത്രപഠനത്തിൽ പ്രയോജനപ്പെടുത്തുക.

## ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിക്കുക.
- ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പിക്കുക.
- ഗണിത പഠനം മധുരമാക്കുക.
- ഗണിത ചിന്ത, യുക്തി ചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിൽ ഉപയോഗിക്കുക.
- മനോ ഗണിതത്തിന് പ്രാധാന്യം നൽകുക.

## വിവരസാങ്കേതിക വിദ്യ

- വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.



Scanned with OKEN Scanner

## പ്രവൃത്തി പരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
- പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങൾ നിർമ്മിക്കാനുള്ള കഴിവ് വികസിപ്പിക്കുക
- പ്രവൃത്തി പരിചയമേളയിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനം.

## കലാ പരിശീലനം

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
- കലാമേളകളിൽ പങ്കെടുക്കാൻ സജ്ജരാക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

- എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.



Scanned with OKEN Scanner

# പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റ് കുട്ടികൾക്ക് ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കുക
- ഈ കുട്ടികൾക്കായി ഓരോ വിഷയത്തിനും അനുരൂപീകരണ പ്രവർത്തനങ്ങളുടെ ആസൂത്രണം.

Scanned with OKEN Scanner

# മലയാളം.

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും മലയാള ഭാഷ തെറ്റ് കൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക. | അക്ഷരം, അസ്വാദ്യം ഉറപ്പിക്കൽ അക്ഷര കാർഡുകൾ, പദക്കാർഡുകൾ നൽകൽ, വാക്ക്, വാക്യ നിർമ്മാണം. കഥ പറയൽ (ചിത്രം നോക്കി) കഥ പൂർത്തിയാക്കൽ പിന്നോക്കം നിൽക്കുന്ന പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പരിശീലനം ലഭിച്ച വിദഗ്ധരുടെ ക്ലാസ്സുകൾ<br>• വിദ | ജൂൺ മുതൽ | ക്ലാസ്സ് ടീച്ചർ | 1000/- |
| 2. | കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | • പുസ്തകം എന്റെ ചങ്ങാതി<br>പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു.<br>• പുസ്തക പരിചയം | [illegible] | അധ്യാപിക | |

Scanned with OKEN Scanner

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| 4. | വിവിധ വ്യവഹാര രൂപങ്ങൾ ആവിഷ്കരിക്കുന്നു. ആസ്വദിക്കുന്നു. | • പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം. സർഗ്ഗവേദിയിലും, വാർഷികാഘോഷത്തിലും പഠനോത്സവത്തിലും മികച്ചവയുടെ അവതരണം.<br>• സവിശേഷ ദിനങ്ങൾ, ദിനാചരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രത്യേക ബാലസഭകൾ. സർഗ്ഗവേള. | | | |
| 5. | കുട്ടികൾക്ക് സർഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ | ജൂൺ മാർച്ച് | വിദ്യാരംഗം ക്ലബ്ബ് | |
| 6. | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ– മെയ് | വിദ്യാരംഗം ക്ലബ്ബ് | |



Scanned with OKEN Scanner

# ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വികസിപ്പിക്കുക. | പ്രീ-ടെസ്റ്റ് നടത്തി കഴിവുകളും പരിമിതികളും കണ്ടെത്തുന്നു. പ്രശ്ന പരിഹാര പ്രവർത്തനങ്ങളുടെ ആസൂത്രണം. രക്ഷിതാക്കൾക്കൊരു ബോധവൽക്കരണ ക്ലാസ്സ് ബുധനാഴ്ച ഇംഗ്ലീഷ് അസംബ്ലി. എല്ലാ ക്ലാസ്സിലെ കുട്ടികൾക്ക് My growing word and Picture album സജ്ജമാക്കുന്നു. 3, 4 ക്ലാസ്സുകളിൽ ഇംഗ്ലീഷ് ഡയറി. | | | |

Scanned with OKEN Scanner

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| | | 'Let us speak' [illegible] ഇംഗ്ലീഷ് ക്ലാസ്സുകൾ<br>ഇംഗ്ലീഷ് ലൈബ്രറി / കോർണർ എന്നിവയുടെ മെച്ചപ്പെട്ട ഉപയോഗം.<br><br>ഭിന്ന നിലവാരക്കാരായ കുട്ടികൾക്ക് worksheet-കൾ തയ്യാറാക്കുന്നു. | ജൂലൈ | S.R.G. | |

# ഗണിതം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. | • എല്ലാ ക്ലാസ്സിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | |
| | | • ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ, ശില്പശാലകൾ | ജൂൺ-ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ. | |
| 2. | ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടി എന്ന് ഉറപ്പാക്കൽ. | ഓരോ ക്ലാസ്സിലെയും ഗണിത പാഠങ്ങളിലെ H.W പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും. | ക്ലാസ്സ് ടീച്ചർ. | |

Scanned with OKEN Scanner

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 3 | മികച്ച വായനാശീലം വളർത്തുക. | ഓരോ മാസവും ഓരോ സാഹിത്യകാരന്മാരെ പരിചയപ്പെടുന്നു. ചിത്രങ്ങൾ, വീഡിയോ തുടങ്ങിയ വയിലൂടെ | ജൂൺ-മാർച്ച് | | |
| | | • എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ലഭ്യമാക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| | | • ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ് മുറിയിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ്സ് ടീച്ചർ. | |



Scanned with OKEN Scanner